(എഫ്) ഏറ്റവുമൊടുവിൽ ഓഡിറ്റ് നടത്തിയതെന്നാണെന്ന് വ്യക്തമാക്കുമോ; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അക്കൗണ്ടന്റ് ജനറൽ

(എഫ്) 1998-99 ൽ . റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ നടപടി

128 (3005) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) കേരളത്തിന് പുറത്തുള്ള പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരിൽ ഒരു വലിയ വിഭാഗം മലയാളികളാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഭ്യസ്തവിദ്യരായ തൊഴിലാളികൾ വിദേശങ്ങളിൽ തൊഴിൽ തേടുന്നത് കണക്കാക്കി കൂടുതൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യലൈസ്ഡ് മാൻപവർ എക്സ്പോർട്ട് മുന്നിൽ കണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൂടി വിദ്യാർത്ഥികളെ കേരളത്തിലേയ്ക്ക് ആകർഷിക്കത്തക്കവിധം ഉന്നതസാങ്കേതിക വിദ്യാഭ്യാസ ശൃംഖലയും പശ്ചാത്തല സൗകര്യവും ഒരുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 2000-2001 അദ്ധ്യയനവർഷത്തിൽ സർക്കാർ മേഖലയിൽ രണ്ടും സഹകരണ മേഖലയിൽ ഒൻപതും ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ നാലും എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എ. ഐ. സി. റ്റി. ഇ. യുടെ അനുമതി തേടിയിട്ടുണ്ട്. കൂടാതെ ഇടുക്കി ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്.

(ഡി) വിവര സാങ്കേതിക വിദ്യയിലും മറ്റും പ്രാമുഖ്യം നൽകി കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിന് ഇപ്പോൾ തന്നെ പരിപാടിയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly